പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1829

17.06.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

# നടപ്പിലാക്കാതിരുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 2012-13 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിയന്ത്രണത്തിലുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെ ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിയന്ത്രണത്തിലുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവയുടെ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ബി) 2012-13-ലെ ബഡ്ജറ്റിൽ പ്രസ്തുത വകുപ്പുകൾക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ? | (ബി) 2012-13-ലെ ബഡ്ജറ്റിൽ പ്രസ്തുത വകുപ്പുകൾക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുകയുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

## 2012-13 സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിയന്ത്രണത്തിലുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവയുടെ വിവരങ്ങൾ

### പോലീസ് വകുപ്പ്

- പോലീസ് സേനയിൽ വനിതകൾക്ക് 10% റിസർവ്വേഷൻ ഏർപ്പെടുത്തും
- 3 പുതിയ എസ്.എം.എസ്.യൂണിറ്റുകൾ ആരംഭിക്കും
- സി.ബി.ഐ. മോഡലിൽ സംസ്ഥാന ഇൻവെസ്റ്റിഗേഷൻ ബ്യൂറോ സ്ഥാപിക്കും.
- സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം കാൾ സെന്ററുകൾ സ്ഥാപിക്കും.
- തിരുവനന്തപുരം സിറ്റിയിൽ SWAT (സ്വിഫ്റ്റ് ആക്ഷൻ ടീം) ആരംഭിക്കും.

### ജയിൽ വകുപ്പ്

- ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ വിയ്യൂർ വനിതാ ജയിലിലും കോഴിക്കോട് ജില്ലാ ജയിലിലും ഡയറി ഫാമുകൾ സ്ഥാപിക്കുന്ന പദ്ധതി ഒഴിവാക്കുകയുണ്ടായി.
- ജയിൽ മോചിതരായതിനുശേഷം യോജിച്ച തൊഴിൽ കണ്ടെത്തുന്നതിനായി തടവുകാർക്ക് ജയിലിൽ പ്രത്യേക പ്ലേസ്മെന്റ് സെൽ രൂപീകരിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല.
- തടവുകാരുടെ ജീവിത ഭദ്രതയ്ക്കുവേണ്ടി പ്രിസണേഴ്സ് ബെനവലന്റ് ഫണ്ട് രൂപീകരിക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ടി പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

### വിജിലൻസ് വകുപ്പ്

2012-13 സാമ്പത്തിക വർഷത്തിൽ വിജിലൻസ് വകുപ്പിനു കീഴിൽ യാതൊരു ബജറ്റ് നിർദ്ദേശവും നിലവിലില്ല.

### ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്

2012-13 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഏഴു വർഷത്തിൽ കൂടുതൽ പഴക്കമുള്ള അഗ്നിശമന വാഹനങ്ങൾക്ക് പകരം അടുത്ത മൂന്ന് വർഷത്തിനകം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയും. സ്കൈലിഫ്റ്റ് വാങ്ങുന്നതിനുള്ള പദ്ധതിയും. നഗര അഗ്നിസുരക്ഷാപദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

(മറുപുറം)

## ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

2012-13 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ ഉൾപ്പെടുത്തിയ എല്ലാ പദ്ധതികളും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

## കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ

2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വനിതാ പോലീസ് സെൽ, പോലീസ് ഹെഡ് ക്വർട്ടേഴ്സ് കോംപ്ലക്സ്, പോലീസ് കെട്ടിടങ്ങളുടെയും ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപ്പണികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Sd/-

# അനുബന്ധം - II

## 2012-13-ലെ ബഡ്ജറ്റിൽ പ്രസ്തുത വകുപ്പുകൾക്കായി വകയിരുത്തിയ തുകയിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുകയുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ

### പോലീസ് വകുപ്പ്

ധനപുനർവിനിയോഗത്തിനുശേഷം റവന്യു ചാർജ്ജ് ഇനത്തിലും, ക്യാപിറ്റൽ ഇനത്തിലും കൂടി 83,000 - രൂപ ഈ വകുപ്പിൽ നിന്നും സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തിട്ടുണ്ട്.

### ജയിൽ വകുപ്പ്

| ശീർഷകം | 2012-13 ബഡ്ജറ്റ് വിഹിതം (എസ്.ഡി.ജി. ഉൾപ്പെടെ) (തുക രൂപയിൽ) | 2012-13 ചെലവ് (തുക രൂപയിൽ) | വിനിയോഗിച്ച ശതമാനം | ബാക്കിയുള്ള തുക |
|---|---|---|---|---|
| I നോൺ പ്ലാൻ | 70,61,88,000 | 70,61,88,000 | 100% | - |
| II പ്ലാൻ | | | | |
| 1. ജയിലുകളുടെ നവീകരണം | 1,30,00,000 | 1,30,00,000 | 100% | - |
| 2. തടവുകാരുടെ ക്ഷേമം | 1,30,00,000 | 1,29,98,500 | 100% | - |
| 3. 13-ാം ധനകാര്യ കമ്മീഷൻ | 38,50,00,000 | 38,50,00,000 | 100% | - |
| 4. ദുർഗുണ പരിഹാര പാഠശാല | 1,06,56,000 | 89,29,441 | 84% | 17,26,559 |
| ആകെ | 112,78,44,000 | 112,61,17,441 | | 17,26,559 |

### വിജിലൻസ് വകുപ്പ്

| ഓഫീസ് | ചെലവഴിക്കാത്ത തുക പ്ലാൻ | ചെലവഴിക്കാത്ത തുക നോൺ പ്ലാൻ |
|---|---|---|
| 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ | 16,06,241 - | 4,34,62,749 - |
| 2. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ്, തിരുവനന്തപുരം | | 10,61,962 - |
| 3. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ്, കോട്ടയം | | 12,78,221 - |

(മറുപുറം)

| | | |
|---|---|---|
| 4. | എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ്, തൃശ്ശൂർ | 103 - |
| 5. | എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ്, കോഴിക്കോട് | 1,65,208 - |
| 6. | വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം | 1,09,378 - |
| 7. | കേരള ലോകായുക്ത, തിരുവനന്തപുരം | 58,19,946 - |

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്

2012-13 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ വകയിരുത്തിയ തുകയിൽ നോൺ പ്ലാൻ ഇനത്തിൽ 2395.84 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 5893.63 ലക്ഷം രൂപയും ചെലവഴിക്കാതെ സറണ്ടർ ചെയ്തിട്ടുണ്ട്.

## ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

2012-13 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിൽ ചെലവഴിക്കാതെ അവശേഷിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്ലാൻ | - | 43.2 ലക്ഷം രൂപ |
| നോൺ പ്ലാൻ | - | 40.3 ലക്ഷം രൂപ |

## കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ

വനിതാ പോലീസ് സെൽ, പോലീസ് ഹെഡ് ക്വാർട്ടേഴ്സ് കോംപ്ലക്സ്, പോലീസ് കെട്ടിടങ്ങളുടെയും ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപ്പണികൾ എന്നീ പദ്ധതികൾക്കായി തുകയൊന്നും ചെലവാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതികൾക്കായി അനുവദിച്ച 900 ലക്ഷം രൂപയും അവശേഷിക്കുന്നുണ്ട്.

(Sd/-)